**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 444** **05-10-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര ധനവിനിയോഗ വകുപ്പ് അനുവദിച്ച സാമ്പത്തിക സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നടപ്പുസാമ്പത്തിക വർഷം ഒന്നാംപാദ മൂലധന ചെലവിന് കേന്ദ്രം നിശ്ചയിച്ച ലക്ഷ്യങ്ങൾ എന്തെല്ലാമെന്നും ആയത് സംസ്ഥാനം കൈവരിച്ചുവോ എന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ ; | (എ) | കോവിഡ് – 19 മഹാമാരിയുടെയും അതിനെ തുടർന്നുള്ള സാമ്പത്തിക ഞെരുക്കത്തിന്റെയും പശ്ചാത്തലത്തിൽ 15-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ വായ്പ പരിധി GSDP യുടെ 4 ശതമാനമായി ഉയർത്തുകയും അതിൽ 0.5% മൂലധന ചെലവിനത്തിൽ കൈവരിക്കേണ്ട ലക്ഷ്യങ്ങൾക്കനുസൃതമായിട്ടാണ് അനുവദിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് 2021-22 സാമ്പത്തിക വർഷത്തേയ്ക്ക് മൂലധനചെലവിനത്തിൽ കൈവരിക്കേണ്ട വാർഷിക ലക്ഷ്യമായി നിർണ്ണയിച്ചിരിക്കുന്നത് 11,419 കോടി രൂപയാണ്. ഇതിൽ ഒന്നാം പാദത്തിന്റെ (എപ്രിൽ - ജൂൺ) ലക്ഷ്യമായി 1,712.85 (15%) കോടി രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. ഒന്നാം പാദത്തിന്റെ അവസാനത്തിൽ സംസ്ഥാനം 3,156.37 (30.27%)കോടി രൂപ മൂലധനചെലവിനത്തിൽ കൈവരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേന്ദ്രലക്ഷ്യങ്ങൾ കൈവരിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ധനവിനിയോഗ വകുപ്പ് സംസ്ഥാനത്തിനനുവദിച്ച സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | (ബി) | സംസ്ഥാനം മൂലധനചെലവിനത്തിൽ കൈവരിക്കേണ്ട ഒന്നാം പാദ ലക്ഷ്യം പൂർത്തികരിച്ചതിന്റെ അടിസ്ഥാനത്തിൽ 10.09.2021 ലെ നം.40(2)/PF-S/2020-21/OMB -39 കത്ത് പ്രകാരം 2255 കോടി രൂപ പൊതു വിപണിയിൽ നിന്ന് വായ്പയെടുക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. |
| (സി) | ആയതിലൂടെ സംസ്ഥാനത്ത് സാമ്പത്തിക മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ? | (സി) | വായ്പയെടുക്കുന്ന തുക പ്രധാനമായും മൂലധന/ വികസന പ്രവർത്തനങ്ങൾക്കായാണ് ചെലവഴിക്കുന്നത്. |

സെക്ഷൻ ഓഫീസർ